# വാർഷിക മൂല്യനിർണയം 2017-18

**ക്ലാസ്സ് : 5** | **സാമൂഹ്യശാസ്ത്രം** | **സമയം: 2 മണിക്കൂർ**

## *നിർദേശങ്ങൾ*

- ആദ്യത്തെ 15 മിനിറ്റ് സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ് (സമാശ്വാസ സമയം)
- എട്ടു പ്രവർത്തനങ്ങൾ ഉള്ളതിൽ നന്നായി അറിയാവുന്ന ആറു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
- തെരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങളുടെ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

**പ്രവർത്തനം: 1**

★ **ജനാധിപത്യം എന്നത് കേവലം ഒരു ഭരണക്രമം മാത്രമല്ല. ഒരു ജീവിതരീതികൂടിയാണ്.**

എ) നിത്യജീവിതത്തിൽ ജനാധിപത്യപരമായ പല ശീലങ്ങളും സ്വായത്തമാക്കാൻ സ്കൂൾ ജീവിതം നിങ്ങളെ സഹായിക്കുന്നു. ഏതെല്ലാം ജനാധിപത്യശീലങ്ങളാണ് സ്കൂൾ ജിവിതത്തിൽ നിന്ന് സ്വായത്തമാക്കാൻ സാധിക്കുക? വിശദീകരിക്കുക.

ബി) തെരഞ്ഞെടുപ്പ് ഘട്ടങ്ങളുമായി ബന്ധപ്പെട്ട ഫ്ളോചാർട്ട് പരിശോധിക്കുക. വിട്ടുപോയ ഘട്ടങ്ങൾ കൂട്ടിച്ചേർത്ത് ഫ്ളോചാർട്ട് പൂർത്തിയാക്കുക.



**പ്രവർത്തനം: 2**

★ **പശ്ചിമഘട്ടത്തിൽ നിന്നുത്ഭവിച്ച് കേരളത്തിലൂടെ ഒഴുകുന്ന 44 നദികളുണ്ട്. ഇവയിൽ കബനി, ഭവാനി, പാമ്പാർ എന്നീ നദികളാണ് കിഴക്കോട്ടൊഴുകുന്നത്.**

എ) ഈ മൂന്നു നദികളിൽ ഏതു നദിയാണ് കർണാടകയിൽകൂടി ഒഴുകുന്നത്?

ബി) നദികൾ കൊണ്ടുള്ള പ്രയോജനങ്ങൾ ഏന്തെല്ലാമാണ്?

സി) കേരളത്തിലെ നദികൾ ഇന്ന് പല ഭീഷണികൾ നേരിടുന്നുണ്ട്. ഏതെങ്കിലും രണ്ടു ഭീഷണികൾ വിശദീകരിച്ച് അവ പരിഹരിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ എഴുതുക.

**പ്രവർത്തനം: 3**

★ **വ്യത്യസ്ത ഭൂമിശാസ്ത്രപ്രത്യേകതകൾ നിലനിന്ന തിണകൾ പ്രാചീനതമിഴകത്തിന്റെ പ്രധാന സവിശേഷതയായിരുന്നു.**

എ) തിണകളും അവയോട് ബന്ധപ്പെട്ട ഭൂമിശാസ്ത്ര സവിശേഷതകളും പട്ടികയായി നൽകിയിരിക്കുന്നു. വിട്ടുപോയവ കൂട്ടിച്ചേർത്ത് പട്ടിക പൂർത്തിയാക്കുക.

| തിണകൾ | ഭൂമിശാസ്ത്രസവിശേഷതകൾ |
|---|---|
| കുറിഞ്ചി | മലകൾ/മലയോരങ്ങൾ |
| മുല്ല | കാട്/പുൽമേട് |
| ...................................... | വരണ്ടപ്രദേശം |
| മരുതം | വയൽ |
| നെയ്തൽ | ...................................... |

ബി) പ്രാചീന തമിഴകം ഭരിച്ചിരുന്ന പാണ്ഡ്യന്മാർ, ചേരൻമാർ, ചോളൻമാർ എന്നീ രാജവംശങ്ങൾ ഏതു പേരിൽ അറിയപ്പെടുന്നു?

സി) എന്തുകൊണ്ടാണ് പഴന്തമിഴ്പാട്ടുകൾ സംഘംകൃതികൾ എന്നറിയപ്പെടുന്നത്?

**പ്രവർത്തനം: 4**

★ **സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ് കുടുംബം.**

എ) അണുകുടുംബം, വിസ്തൃതകുടുംബം, കൂട്ടുകുടുംബം ഇവ എന്തെന്ന് വിശദീകരിക്കുക.?

ബി) കുടുംബബജറ്റ് തയാറാക്കുന്നതുകൊണ്ട് എന്തെല്ലാം ഗുണങ്ങളാണ് ഉള്ളതെന്ന് കുറിപ്പ് എഴുതുക.

**പ്രവർത്തനം: 5**

**"ആഗോള ആദരവ് പിടിച്ചുപറ്റുന്ന ഏക ഭരണസംവിധാനം ജനാധിപത്യമാണ്"**
**-അമർത്യാസെൻ**

എ) ജനാധിപത്യം എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്. കുറിപ്പ് തയാറാക്കുക?

ബി) ജനാധിപത്യത്തിന്റെ നിലനിൽപ്പിനാവശ്യമായ ഘടകങ്ങളിൽ പ്രധാനപ്പെട്ടതാണ് പ്രതിപക്ഷവും മാധ്യമങ്ങളും. ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ നിലപാട് വിശദീകരിക്കുക?.

**പ്രവർത്തനം: 6**

★ **ജനുവരി 26 ന് ന്യൂഡൽഹിയിൽ നടന്ന റിപ്പബ്ലിക്ക്ദിന പരേഡിനോടനുബന്ധിച്ച് വിവിധ സംസ്ഥാനങ്ങൾ അവതരിപ്പിച്ച ദൃശ്യങ്ങൾ നിങ്ങൾ ശ്രദ്ധിച്ചുകാണുമല്ലോ? ഇന്ത്യൻ ജനതയുടെ വൈവിധ്യങ്ങളുടെ തെളിവുകളാണിവ.**

- ഇന്ത്യയുടെ വൈവിധ്യവും ഐക്യവും വ്യക്തമാക്കിക്കൊണ്ട് 'നാനാത്വത്തിൽ ഏകത്വം' എന്നതിനെ ആസ്പദമാക്കി ഒരു പ്രസംഗം തയാറാക്കുക.

**പ്രവർത്തനം: 7**

★ **സൗരയൂഥത്തിലെ ഒരംഗമാണ് ഭൂമി.**

എ) സൗരയൂഥം എന്നാലെന്ത്?.

ബി) A കോളത്തിൽ ചില ഗ്രഹങ്ങളുടെ പ്രത്യേകതകൾ നൽകിയിരിക്കുന്നു. ബന്ധപ്പെട്ട ഗ്രഹങ്ങൾ കണ്ടെത്തി B കോളം പൂരിപ്പിക്കുക.

| A<br>ഗ്രഹങ്ങളുടെ പ്രത്യേകതകൾ | B<br>ഗ്രഹങ്ങൾ |
|---|---|
| ഏറ്റവും ചെറിയ ഗ്രഹം | ........................................ |
| സൂര്യനെ വലംവെയ്ക്കാൻ 12 വർഷം | ........................................ |
| ഏറ്റവും ചൂടുള്ള ഗ്രഹം | ........................................ |

**പ്രവർത്തനം: 8**

**താഴെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമായി വരുന്ന ജില്ലകൾ കേരളത്തിന്റെഭൂപടത്തിൽ ഷെയ്ഡ് ചെയ്ത് രേഖപ്പെടുത്തുക.**

എ) തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ല.

ബി) കടൽ സാമീപ്യമില്ലാത്തതും അയൽസംസ്ഥാനങ്ങളോട് അതിർത്തി പങ്കിടാത്തതുമായ ജില്ല.

സി) ഏറ്റവും വലിയ ജില്ല.

ഡി) ഏറ്റവും ചെറിയ ജില്ല.

ഇ) ആർച്ച് ഡാം സ്ഥിതി ചെയ്യുന്ന ജില്ല.

**(ഭൂപടം രേഖപ്പെടുത്തലിനുശേഷം ഉത്തരക്കടലാസിനൊപ്പം തിരികെ നൽകേണ്ടതാണ്)**

# കേരളം-രൂപരേഖ

